**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 923** **10-06-2021 - ൽ മറുപടിയ്ക്ക്**

**അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും അർഹതയുള്ള മിനിമം വേതനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെയും ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. അൺ എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനവും സേവന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് 11.2.2021ലെ ജി.ഒ.(പി) നം. 22/2021/ എൽ.ബി.ആർ നമ്പരായി അന്തിമ വിജ്ഞാപനം (അനുബന്ധമായി ചേർത്തിട്ടുണ്ട്) തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത് എന്നും നടപടികൾ ഏതുഘട്ടത്തിലാണ് എന്നും അറിയിക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെയും ഒരു പുതിയ നിയമ നിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. അൺ എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനവും സേവന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് 11.2.2021ലെ ജി.ഒ.(പി) നം. 22/2021/ എൽ.ബി.ആർ നമ്പരായി അന്തിമ വിജ്ഞാപനം (അനുബന്ധമായി ചേർത്തിട്ടുണ്ട്) തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരെ മാനേജ്മെന്റ് അന്യായമായി പരിച്ചുവിടുന്നതും, നാമമാത്രമായി ലഭിച്ചിരുന്ന ശമ്പളം തന്നെ വെട്ടിക്കുറക്കുന്നത് തടയുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | പരാതികൾ ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>തിങ്കൾ<br><br>Thiruvananthapuram,<br>Monday | 2021 ഫെബ്രുവരി 15<br>15th February 2021<br>1196 കുംഭം 3<br>3rd Kumbham 1196<br>1942 മാഘം 26<br>26th Magha 1942 | നമ്പർ<br>No. | 739 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

***G.O.(P) No.22/2021/LBR*** ***Dated, Thiruvananthapuram, 11th February, 2021***
***29th Makaram, 1196***

**S. R. O. No. 168/2021**

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with sub-section (2) of section 5 thereof and in supersession of the notification issued under G.O.(P)No.155/2011/LBR dated 12th September, 2011 and published as S.R.O.No.612/2011 in the Kerala Gazette Extraordinary No.1813 dated 26th September, 2011, the Government of Kerala after considering the objections and suggestions received on the draft proposals previously published as notification No.LBRD-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

E1/162/2019-LBRD dated 9th January, 2020 in the Kerala Gazette Extraordinary No.107 dated 14th January, 2020 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the 'Private Educational Institutions (Non-Teaching) industry Sector' in the State of Kerala as specified in the Schedule annexed hereto and fix the date of publication of this notification in the Gazette as the date from which the revised rates shall come into force.

## SCHEDULE

### I. Pay scale for calculating Monthly Wages

| Sl.No. | Category/Post | Scale of pay (₹) |
|---|---|---|
| (1) | (2) | (3) |
| 1 | Administrator/Administrative Officer/Site Engineer | 16990-400-18990-480-21390 |
| 2 | Accounts Officer/Placement Officer/Chief Accountant | 15880-360-17680-400-19680 |
| 3 | Office Superintendent/ Office Manager/ Administrative Assistant | 15040-320-16640-360-18440 |
| 4 | System Administrator/Vehicle Supervisor/ Site Supervisor/Computer Programmer/ Draftsman/ Head Clerk | 14200-280-15600-320-17200 |
| 5 | Librarian/ Sergeant/ Hardware Technician/ Instrument Mechanic Placement Assistant/ Data Processing Assistant/ Senior Accountant/ Upper Division Clerk/Upper Division Typist | 13370-260-14670-300-16170 |
| 6 | Artist/ Stenographer/ Personal Secretary/ Computer Operator/ Boiler Operator | 12940-240-14140-270-15490 |
| 7 | L.D. Clerk/ L.D. Typist/ Office Assistant/ Junior Accountant/ Assistant Accountant / Cashier/ Store Keeper/ Copyist/ Record Keeper/Telephone Operator/ D.T.P. Operator/ Driver/ Herbarium Keeper/ Taxi Dermist/ Tradesman/ Boiler Assistant/ Assistant Librarian/ Mechanic/ Electrician/ Plumber | 12590-200-13590-240-14790 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 8 | Lab Assistant/ Store Assistant/ Garden Supervisor/ Binder/ Cinema Operator/ Projectionist/ Audio Visual Trailer Operator/ Lift Operator | 12250-160-13050-200-14050 |
| 9 | Lab Attender/ Library Attender/ Specimen Collector/ Vehicle Helper/ Conductor | 11970-150-12720-180-13620 |
| 10 | Office Attender/ Peon/ Helper/ Packer/ Groundsman/ Marker/ Gardner/ Watchman/ Security Guard/ Cleaner | 11690-120-12290-150-13040 |
| 11 | Sweeper/ Aaya | 11130-100-11630-120-12230 |

**II. Dearness Allowance**

In addition to the basic pay of the employees, Dearness Allowance shall be paid on the basis of Consumer Price Index Number (1998-99=100) published by the State Economics and Statistics Department for the concerned District Headquarters at the rate of ₹26/- (Rupees Twenty Six only) for each point enhanced above the 300 points.

**III. Service Weightage**

The employees who have completed a total service of not less than 5 years under an employer, shall be eligible for service weightage for each five years of service with an increment subject to a maximum of 3 increments, from the date of this notification.

**IV. Sanctioning of Grade**

Posts in the Cadre of Upper Division Clerk shall be sanctioned to those employees who have completed 10 years of service in the Cadre of L.D. Clerk, Office Assistant, Copyist and Cashier, Posts in the cadre of U.D. Typists in the case of L.D. Typist who have completed 10 years of service Post in the cadre of Senior Accountant to those Accountants, Assistant Accountant who have completed 10 years service. While the Service Weightage for this purpose thus considered, shall be the service under only one employer.

**V. Other Conditions**

1. If any of posts is not seen included in the Schedule shown above, they shall be sanctioned the scale of pay equivalent to the post.
2. Wherever the employees who are actually in receipt of higher wages than the Minimum wages fixed above, and the benefits thereof such higher wages and benefits shall be continued.
3. The existing house rent allowance or any other allowances now being received in addition to the pay shall be continued.
4. Those employees who are drawing Scale of Pay and other allowance as that of the Government Employees and those who draw the pay direct from the Consolidated Fund

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

of the Government shall not be governed by this notification as long as it is not less than that of benefit under this notification

5. For calculation of daily wages for categories fixed as monthly pay, it shall be 1/26th part of the aggregate of the minimum of the particular Scale of Pay together with its Dearness Allowance.

By order of the Governor,

SATYAJEET RAJAN,

*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Government had earlier fixed the minimum rates of wages payable to the employees employed in the Private Educational Institutions (Non-Teaching) in the State of Kerala as per notification issued under G.O.(P)No.155/2011/LBR dated 12th September, 2011 and published as S.R.O.No.612/2011 in the Kerala Gazette Extraordinary No.1813 dated 26th September, 2011. The Government have now decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the preliminary notification published as notification No. LBRD-E1/162/2019-LBRD dated 9th January, 2020 in the Kerala Gazette Extraordinary No.107 dated 14th January, 2020 and in consultation of the Minimum Wages Advisory Board constituted for the said purpose.

The notification is intended to achieve the above object.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ.ഉ.(അച്ചടി) നമ്പർ 22/2021/തൊഴിൽ. *തിരുവനന്തപുരം, 2021 ഫെബ്രുവരി 11*
*1196 മകരം, 29.*

**എസ്. ആർ. ഒ. നമ്പർ 168/2021**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2011 സെപ്റ്റംബർ 12-ാം തീയതിയിലെ സ.ഉ.(പി) 155/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 സെപ്റ്റംബർ 26-ാം തീയതിയിലെ 1813-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.612/2011 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2020 ജനുവരി 9-ാം തീയതിയിലെ ഇ1/162/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2020 ജനുവരി 14-ാം തീയതിയിലെ 107-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം, കേരള സർക്കാർ, കേരള സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം, ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

**പട്ടിക**

**I. പ്രതിമാസ അടിസ്ഥാന വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ**

| ക്രമ. നമ്പർ | വിഭാഗം /തസ്തിക | ശമ്പള സ്കെയിൽ (₹) |
|---|---|---|
| (1) | (2) | (3) |
| 1 | അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സൈറ്റ് എഞ്ചിനീയർ | 16990-400-18990-480-21390 |
| 2 | അക്കൗണ്ട്സ് ഓഫീസർ/പ്ലെയിസ്മെന്റ് ഓഫീസർ/ചീഫ് അക്കൗണ്ടന്റ് | 15880-360-17680-400-19680 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 3 | ഓഫീസ് സൂപ്രണ്ട്/ ഓഫീസ് മാനേജർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | 15040-320-16640-360-18440 |
| 4 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ/ വെഹിക്കിൾ സൂപ്പർവൈസർ/ സൈറ്റ് സൂപ്പർവൈസർ / കമ്പ്യൂട്ടർ പ്രോഗ്രാമർ/ ഡ്രാഫ്റ്റ്സ് മാൻ/ ഹെഡ്ക്ലാർക്ക് | 14200-280-15600-320-17200 |
| 5 | ലൈബ്രേറിയൻ/സർജന്റ്/ഹാർഡ് വെയർ ടെക്നീഷ്യൻ/ ഇൻട്രുമെന്റ് മെക്കാനിക് പ്ലെയിസ്മെന്റ് അസിസ്റ്റന്റ്/ ഡാറ്റാ പ്രോസസിംഗ് അസിസ്റ്റന്റ്/ സീനിയർ അക്കൗണ്ടന്റ്/അപ്പർ ഡിവിഷൻ ക്ലാർക്ക്/ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് | 13370-260-14670-300-16170 |
| 6 | ആർട്ടിസ്റ്റ്/സ്റ്റെനോഗ്രാഫർ/പേഴ്സണൽ സെക്രട്ടറി / കമ്പ്യൂട്ടർ ഓപ്പറേറ്റർ/ ബോയിലർ ഓപ്പറേറ്റർ | 12940-240-14140-270-15490 |
| 7 | എൽ.ഡി.ക്ലർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ്/ഓഫീസ് അസിസ്റ്റന്റ്/ജൂനിയർ അക്കൗണ്ടന്റ്/അസിസ്റ്റന്റ് അക്കൗണ്ടന്റ്/ക്യാഷ്യർ/സ്റ്റോർ കീപ്പർ/ കോപ്പിയിസ്റ്റ്/ റിക്കോർഡ് കീപ്പർ/ടെലിഫോൺ ഓപ്പറേറ്റർ/ ഡിറ്റി.പി. ഓപ്പറേറ്റർ/ ഡ്രൈവർ/ ഹെർബേറിയർ കീപ്പർ/ ടാക്സി ഡർമിസ്റ്റ്/ ട്രേഡ്സ്മാൻ/ബോയിലർ അസിസ്റ്റന്റ്/ അസിസ്റ്റന്റ് ലൈബ്രേറിയൻ/ മെക്കാനിക്ക്/ ഇലക്ട്രീഷ്യൻ/പ്ലംബർ | 12590-200-13590-240-14790 |
| 8 | ലാബ് അസിസ്റ്റന്റ്/സ്റ്റോർ അസിസ്റ്റന്റ്/ ഗാർഡൻ സൂപ്പർവൈസർ/ബൈൻഡർ/സിനിമ ഓപ്പറേറ്റർ/പ്രൊജക്ഷനിസ്റ്റ്/ഓഡിയോ വിഷ്വൽ ട്രെയ്‌ലർ ഓപ്പറേറ്റർ/ലിഫ്റ്റ് ഓപ്പറേറ്റർ | 12250-160-13050-200-14050 |
| 9 | ലാബ് അറ്റന്റർ/ ലൈബ്രറി അറ്റന്റർ/ സ്പെസിമൻ കളക്ടർ/ വെഹിക്കിൾ ഹെൽപ്പർ/ കണ്ടക്ടർ | 11970-150-12720-180-13620 |
| 10 | ഓഫീസ് അറ്റന്റർ/പ്യൂൺ/ഹെൽപ്പർ/പായ്ക്കർ/ ഗ്രൗണ്ട്സ്മാൻ/ മാർക്കർ/ഗാർഡനർ/വാച്ച്മാൻ/ സെക്യൂരിറ്റി ഗാർഡ്/ക്ലീനർ | 11690-120-12290-150-13040 |
| 11 | സ്വീപ്പർ/ആയ | 11130-100-11630-120-12230 |

**II. ക്ഷാമബത്ത**

അടിസ്ഥാന വേതനത്തിനുപുറമേ, സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അതാത് ജില്ലാ ആസ്ഥാനങ്ങൾക്കു വേണ്ടി ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃവില സൂചികയിൽ (1998-99=100) ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച സൂചികയുടെ 300 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 26 രൂപ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**III. സർവ്വീസ് വെയിറ്റേജ്**

ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു തൊഴിലുടമയുടെ കീഴിൽ അഞ്ച് വർഷത്തിൽ കുറയാത്ത കാലം സേവനം പൂർത്തിയാക്കിയ ജിവനക്കാർക്ക് ഓരോ അഞ്ച് വർഷത്തെ സേവന കാലയളവിന് ഒരു ഇൻക്രിമെന്റ് എന്നനിരക്കിൽ, പരമാവധി 3 ഇൻക്രിമെന്റ് എന്ന പരിധിയിൽ സർവ്വീസ് വെയിറ്റേജ് നൽകിയിരിക്കേണ്ടതാണ്.

**IV. ഗ്രേഡ് അനുവദിക്കൽ**

എൽ.ഡി. ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ്, കോപ്പീയിസ്റ്റ്, കാഷ്യർ എന്നീ വിഭാഗം ജീവനക്കാർക്ക് അവർ 10 വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് അപ്പർ ഡിവിഷൻ ക്ലാർക്കിന്റേയും എൽ.ഡി.ടൈപ്പിസ്റ്റ് 10 വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റിന്റേയും, ജൂനിയർ അക്കൗണ്ടന്റ്, അസിസ്റ്റന്റ് അക്കൗണ്ടന്റ് എന്നിവർക്ക് 10 വർഷത്തെ സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് സീനിയർ അക്കൗണ്ടന്റിന്റേയും തസ്തിക അനുവദിക്കേണ്ടതാണ്. ഒരു തൊഴിൽ ഉടമയുടെ കീഴിലുള്ള സേവനകാലം മാത്രമേ ഗ്രേഡ് അനുവദിക്കുന്നതിന് കണക്കിലെടുക്കേണ്ടതുള്ളൂ.

**V. ഇതര വ്യവസ്ഥകൾ**

1. ഏതെങ്കിലും തസ്തിക മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ, സമാന പദവിയിലുള്ള തസ്തികയുടെ ശമ്പള സ്കെയിൽ അനുവദിക്കേണ്ടതാണ്.
2. പട്ടികയിൽ കാണിച്ച വേതന നിരക്കിനേക്കാൾ ഉയർന്ന വേതന നിരക്കും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചു വരുന്ന ജീവനക്കാർക്ക് തുടർന്നും അത്തരം ഉയർന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകേണ്ടതാണ്.
3. നിലവിൽ ശമ്പളത്തിന് പുറമേ, വീട്ട് വാടക അലവൻസോ, മറ്റ് അലവൻസോ, ലഭിച്ചു വരുന്ന ജീവനക്കാർക്ക്, അവ തുടർന്നും നൽകേണ്ടതാണ്.
4. സർക്കാർ സർവ്വീസിലുള്ള ജീവനക്കാരുടെ ശമ്പള സ്കെയിലും മറ്റ് ആനുകൂല്യങ്ങളും അതേ നിരക്കിൽ കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് നേരിട്ട് ശമ്പളം ലഭിക്കുന്നവർക്കും ഈ വിജ്ഞാപനത്തിലെ യാതൊന്നും, അതു ഈ വിജ്ഞാപനത്തിലെ ആനുകൂല്യങ്ങളേക്കാൾ കുറയാത്തിടത്തോളം ബാധകമായിരിക്കുന്നതല്ല.
5. മാസവേതനം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും തസ്തികയിൽ ദിവസവേതനം കണക്കാക്കുന്നതിന് നിർദ്ദിഷ്ട സ്കെയിലിലെ മിനിമം തുകയും ക്ഷാമബത്തയും ചേർത്ത തുകയുടെ 26-ൽ ഒരു ഭാഗമായി കണക്കാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സത്യജീത് രാജൻ**,

*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2011 സെപ്റ്റംബർ 12-ാം തീയതിയിലെ സ.ഉ.(പി) 155/2011/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2011 സെപ്റ്റംബർ 26-ാം തീയതിയിലെ 1812-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 612/2011 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിശ്ചയിച്ചിരുന്നു. 2020 ജനുവരി 9-ാം തീയതിയിലെ ഇ1/162/2019/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2020 ജനുവരി 14-ാം തീയതിയിലെ 107-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും, ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശക ബോർഡുമായി കൂടിയാലോചിച്ചശേഷവും പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്ക് പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/